**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 475** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഒല്ലൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** ഒല്ലൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിനു കീഴിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** **<u>കെ.എസ്.ഇ.ബി.എൽ.</u>**

ഒല്ലൂർ നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ-ന്റെ തനത് ഫണ്ട് ഉപയോഗിച്ചു കൊണ്ടുള്ള ദ്യുതി 2025-26, 2026-27 പദ്ധതികളിൽ നിലവിലെ എൽ.ടി കണ്ടക്ടറുകൾ മാറ്റി എൽ.ടി. ഏരിയൽ ബഞ്ച്ഡ് കേബിൾ (LT ABC) ആക്കുന്ന വർക്കുകൾ, എച്ച്.ടി ഏരിയൽ ബഞ്ച്ഡ് കേബിൾ (HT ABC) വലിക്കുന്ന വർക്കുകൾ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് 30.18 കോടി രൂപയുടെ പ്രവൃത്തികൾ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

കൂടാതെ, ഒല്ലൂർ നിയോജക മണ്ഡലത്തിൽ RDSS പദ്ധതിയിൽ RMU ഇൻസ്റ്റലേഷൻ, UG കേബിൾ വലിക്കൽ എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട 34.13 കോടി രൂപയുടെ പ്രവൃത്തി നടന്നു വരുന്നു.

**<u>അനെർട്ട്</u>**

ഒല്ലൂർ നിയോജക മണ്ഡലത്തിലെ 18 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്ന പ്ലാൻ സ്കീം പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലാ കളക്ടർ നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ അനെർട്ട് തൃശ്ശൂർ ജില്ലാ എഞ്ചിനീയർ സ്ഥലം പരിശോധിക്കുകയും ഓരോ വില്ലേജ് ഓഫീസിലും 2 kWp ശേഷിയുള്ള ഹൈബ്രിഡ് സോളാർ പവർ പ്ലാന്റുകൾ വീതം സ്ഥാപിക്കുവാൻ എസ്റ്റിമേറ്റ് തുകയായ 58,41,000 രൂപയുടെ ഇൻവോയ്സ് അനെർട്ട് തൃശ്ശൂർ ജില്ലാ എഞ്ചിനീയർ ജില്ലാ കളക്ടറുടെ കാര്യാലയത്തിലേക്ക് നൽകിയിട്ടുമുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി അനെർട്ട് തൃശ്ശൂർ ജില്ലാ എഞ്ചിനീയറും തൃശ്ശൂർ ജില്ലാ കളക്ടറും തമ്മിൽ 16/01/2026-ൽ ഔദ്യോഗികമായി കരാറിൽ ഏർപ്പെടുകയും, അതിന്റെ അടിസ്ഥാനത്തിൽ അനെർട്ട് ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത ടെൻഡർ 10/02/2026-ൽ ഓപ്പൺ ചെയ്യുകയും, തുടർന്ന് 09/03/2026-ൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഏജൻസിയെ (L1 Bidder) കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ അടങ്കൽ തുകയായ 58,41,000 രൂപ തൃശ്ശൂർ ജില്ലാ കളക്ടർ അനെർട്ടിന്റെ ജില്ലാ ഓഫീസിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല. ആയതിനാൽ L1 bidder ആയ ഏജൻസിക്കു വർക്ക് ഓർഡർ നൽകാനോ, പദ്ധതിയുടെ തുടർ നടപടികളിലേക്ക് കടക്കാനോ

സാധിച്ചിട്ടില്ല. ജില്ലാ കളക്ടറേറ്റിൽ നിന്നും അനെർട്ടിന് തുക കൈമാറുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്.

ഒല്ലൂർ നിയോജകമണ്ഡലത്തിൽ അനെർട്ടും മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് BSNL Telephone Exchange Building-ൽ 30 kW CCS2-ന്റെ ഒരു പബ്ലിക് ഇ വി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 2023-24 കാലയളവിൽ Mrs.മെർലിൻ നെൽസൺ എന്ന വ്യക്തിക്ക് 60 kW ന്റെ മെഷീൻ സബ്സിഡി നൽകിയിട്ടുണ്ട്.

**(ബി)** ഒല്ലൂർ നിയോജക മണ്ഡലത്തിൽ പുതിയതായി ആരംഭിക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി: കെ.എസ്.ഇ.ബി.എൽ.**

ഒല്ലൂർ നിയോജകമണ്ഡലത്തിന് കീഴിൽ പട്ടിക്കാട് 33 കെ.വി. സബ്സ്റ്റേഷനിൽ നിന്നും സ്ഥിരതയോട് കൂടിയ വൈദ്യുതി ലഭ്യമാക്കേണ്ടതിനായി മണ്ണുത്തി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നു കൂടി ഒരു 33 കെ.വി. ഫീഡർ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക സാധ്യതാ പഠനം നടന്നു വരുന്നു.

ഒല്ലൂർ, മാടക്കത്തറ EV ചാർജിംഗ് സ്റ്റേഷനുകൾ ഉയർന്ന ശേഷിയുള്ള ചാർജറുകൾ സ്ഥാപിച്ച് നവീകരിക്കൽ. PM E-DRIVE പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**